# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**25/01/2026** | **മാർക്ക് - 50**
**02.00pm - 04.00pm** | **STD - XII** | **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

| | | |
|---|---|---|
| * സഹൃദയ | * മാധ്യമങ്ങൾ | * സമ്പത്ത് |
| * വി. ഇരണേവൂസ് | * Youcat | * CCC |
| * വി. ജറോം | * വി. ജോൺ പോൾ രണ്ടാമൻ | * വില്യം വേർഡ്സ് വർത്ത് |
| * കാരിത്താസ് ഇന്ത്യ | * സുവിശേഷമൂല്യങ്ങൾ | * വി. ഗീവർഗ്ഗീസ് |
| * ഫ്രാൻസീസ് മാർപാപ്പ | * സുവിശേഷ പ്രഘോഷണം | * തോമസ് ആൽവ എഡിസൻ |

1. "പ്രകൃതി ഒരിക്കലും അവളെ സ്നേഹിച്ചവന്റെ ഹൃദയം വേദനിപ്പിച്ചിട്ടില്ല." ഇത് ആരുടെ വാക്കുകൾ?
2. പരിസ്ഥിതിയെ മലിനപ്പെടുത്തുന്നത് കുമ്പസാരത്തിൽ ഏറ്റുപറയേണ്ട പാപമാണെന്ന് പറഞ്ഞതാര്?
3. ആധുനിക മനുഷ്യന്റെ സഹയാത്രികരായി വിശേഷിപ്പിക്കുന്നത് എന്തിനെ?
4. "വിലപ്പെട്ടതൊന്നും വെറുതെയിരുന്നപ്പോൾ എനിക്ക് വീണുകിട്ടിയതല്ല, എന്റെ കണ്ടുപിടിത്തങ്ങളെല്ലാം കഠിനാധ്വാനത്തിന്റെ ഫലങ്ങളാണ്." ഇത് ആരുടെ വാക്കുകളാണ്?
5. ഇന്ന് ലോകം ഉയർത്തിപ്പിടിക്കുന്ന എല്ലാ മനുഷ്യാവകാശ നിയമങ്ങളുടെയും അടിസ്ഥാനം എന്ത്?
6. മാമ്മോദീസ സ്വീകരിച്ച ഈശോയുടെ ശിഷ്യരായ നമ്മുടെ കടമയെന്ത്?
7. ജീവന്റെ നിലനില്പ്പിനും വളർച്ചയ്ക്കും ഒരുവനെ സഹായിക്കുന്ന ദൈവദാനം എന്ത്?
8. "പ്രകൃതി ദൈവത്താൽ മനുഷ്യവർഗ്ഗത്തിനുവേണ്ടി നൽകപ്പെട്ടിരിക്കുന്ന അനുഗ്രഹീത ഭവനമാണ്" എന്നുപറഞ്ഞ സഭാ പിതാവ് ആര്?
9. ഭാരത കത്തോലിക്കാ സഭയുടെ ഔദ്യോഗിക സാമൂഹിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന പ്രസ്ഥാനത്തിന്റെ പേരെന്ത്?
10. "മനുഷ്യനായിരിക്കുക എന്നതിന്റെ അർത്ഥം ദൈവത്തിൽ നിന്ന് വരുകയും ദൈവത്തിലേക്ക് പോകുകയും ചെയ്യുകയെന്നതാണ്." ഇത് ഏത് ഗ്രന്ഥത്തിൽ നിന്ന്?

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X7=7

11. വർത്തമാനപുസ്തകം രചിച്ചതാര്? എന്താണ് ഈ പുസ്തകത്തിന്റെ ഇതിവൃത്തം?

12. നോമോഫോബിയ എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?
13. എന്താണ് അധ്വാനം?
14. സമ്പത്ത് എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?
15. കേരളത്തിലെ വിദ്യാഭ്യാസത്തെ ജനകീയമാക്കിയത് ആര്? എങ്ങനെ?
16. ഉത്ഥാനത്തിനുശേഷം ഈശോ ശിഷ്യന്മാരോട് പറഞ്ഞതെന്ത്?
17. പുറന്തള്ളപ്പെടുമോ എന്ന അനിയന്ത്രിതമായ ഭയം(FoMO) ഒരു മനുഷ്യനെ എങ്ങനെയെല്ലാം ബാധിക്കും?

**C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക** **3X3=9**

18. മാധ്യമങ്ങളുടെ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുക.
19. 'പരിസ്ഥിതി സംരക്ഷണവും ധാർമികതയും' എന്ന വിഷയത്തെക്കുറിച്ച് ഒരു കുറിപ്പെഴുതുക?
20. ക്രൈസ്തവ സാക്ഷ്യത്തിന്റെ വിവിധ തലങ്ങൾ ഏതെല്ലാം? വിശദമാക്കുക.

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ** **1X4=4**

21. ഈശോയുടെ തിരുഹൃദയത്തോടുള്ള കുടുംബപ്രതിഷ്ഠാ ജപം എഴുതുക.
22. Dilexit nos (അവൻ നമ്മെ സ്നേഹിച്ചു) ആരുടെ ചാക്രിക ലേഖനമാണ്?
23. വചനം പൂർത്തിയാക്കുക. റോമാ 5:4 "കഷ്ടത സഹനശീലവും ......"
24. 'ഈശോയിലാണെന്റെ പ്രത്യാശ' എന്ന ആപ്തവാക്യത്തെ ആസ്പദമാക്കിയുള്ള ലോഗോയിലെ 'തിരമാലയിൽ കാണുന്ന വസ്തുക്കൾ' എന്തിനെ സൂചിപ്പിക്കുന്നു?

**E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X2=10**

25. 'മനുഷ്യൻ അധ്വാനിച്ച് ജീവിക്കുക എന്നത് അവന്റെ കടമയാണ്.' 'അധ്വാനത്തിന്റെ മഹത്ത്വവും സമ്പത്തിന്റെ വിനിയോഗവും' എന്ന പാഠഭാഗത്തെ ആസ്പദമാക്കി അധ്വാനത്തിന്റെ ദൈവിക മാനത്തേയും മാനുഷിക മാനങ്ങളേയും വിവരിക്കുക.

26. മാർഗ്ഗം ഏതായാലും ലക്ഷ്യം നന്നായാൽ മതി എന്നു നാം കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഇത് ക്രിസ്തീയമല്ല. ക്രൈസ്തവ ധാർമികതയിൽ ലക്ഷ്യംപോലെതന്നെ പ്രധാനപ്പെട്ടതാണ് മാർഗ്ഗവും. ഉദാഹരണമായി പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കുന്നത് ശരിയായ രീതിയിലൂടെ അല്ലെങ്കിൽ അതിന് എന്ത് മൂല്യമാണുള്ളത്. ലക്ഷ്യത്തിനായി ഏതുമാർഗ്ഗവും സ്വീകരിക്കാൻ മടിയില്ലാത്ത ഈ കാലഘട്ടത്തിൽ, ലക്ഷ്യം പോലെതന്നെ മാർഗ്ഗവും പ്രധാനപ്പെട്ടതാണ് എന്ന വിഷയത്തെ നിങ്ങൾ എങ്ങനെ നോക്കിക്കാണുന്നു.

| | |
|---|---|
| 27. ഇന്റേണൽ അസസ്സ്മെന്റ്:<br>മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 5 മാർക്കിൽ. | 10 |

# STD XII New (2025-2026)

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക (1x10=10)

1. വില്യം വേർഡ്സ് വർത്ത് (8/81/Side Pink box)
2. ഫ്രാൻസീസ് മാർപാപ്പ (8/82/ Blue box)
3. മാധ്യമങ്ങൾ (9/92/4)
4. തോമസ് ആൽവ എഡിസൻ (10/100/Pink box)
5. സുവിശേഷമൂല്യങ്ങൾ (11/107/2)
6. സുവിശേഷ പ്രഘോഷണം (12/117/3)
7. സമ്പത്ത് (10/104-105)
8. വി. ഇരണേവൂസ് (8/87/2)
9. കാരിത്താസ് ഇന്ത്യ (11/109/1)
10. Youcat (12/124/1)

## B. ഒന്നോ രണ്ടോ വാകൃത്തിൽ ഉത്തരമെഴുതുക (1x7=7)

11. (11/110/ Green box) - പാറേമാക്കൽ തോമാകത്തനാർ. ജോസഫ് കരിയാറ്റിൽ മല്പാനോടൊപ്പം 1778-ൽ നടത്തിയ റോമാ യാത്ര.
12. (9/96/3)- അമിതമായ മൊബൈൽ ഫോൺ ഉപയോഗം മൂലം തങ്ങളുടെ മൊബൈൽ ഫോൺ നഷ്ടപ്പെടുമ്പോഴോ, കൈയ്യിൽ ഇല്ലാതിരിക്കുമ്പോഴോ, ബറ്ററി ചാർജ് തീരുമ്പോഴോ, റീച്ചാർജ് ചെയ്തത് തീരുമ്പോഴോ, നെറ്റ്വർക്ക് ഇല്ലാതിരിക്കുമ്പോഴോ ഉണ്ടാകുന്ന അമിതമായ ഭീതിയാണ്.
13. (10/100/3) - ദൈവത്തിന്റെ സൃഷ്ടികർമ്മത്തിലുള്ള മനുഷ്യന്റെ പങ്കുചേരലാണ് അധ്വാനം.
14. (10/103/1) - സമ്പത്ത് എന്നത് കേവലം ധനമോ വസ്തുവകകളോ മാത്രമല്ല മനുഷ്യൻ സ്വായത്തമാക്കുന്ന അറിവുകളും കഴിവുകളുമെല്ലാം സമ്പത്തിന്റെ ഗണത്തിൽ പെടുത്താം.
15. (11/111/3) - വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, 1846-ൽ മാന്നാനത്ത് സംസ്കൃത സ്കൂളും തുടർന്ന് മലയാളം സ്കൂളും സ്ഥാപിച്ച്.
16. (12/116/ Red line) - നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ.
17. (9/96/2) - ഉറക്കമില്ലായ്മയിലേക്കും ജീവിതശേഷികളുടെ കുറവിലേക്കും വൈകാരികമായ പിരിമുറുക്കങ്ങളിലേക്കും ഉത്കണ്ഠയിലേക്കും വൈകാരികമായ നിയന്ത്രണമില്ലായ്മയിലേക്കും വ്യക്തികളെ നയിക്കാം.

## C .രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക. (3x3=9)

18. (9/93-94)- 1. അറിവു നല്കുക: ....... 2. പഠിപ്പിക്കുക: .......
    3. വിനോദിപ്പിക്കുക: ....... 4. ബന്ധങ്ങൾ പരിപോഷിപ്പിക്കുക: .......
    5. വ്യാഖ്യാനിക്കുക: ....... 6. ജാഗ്രത പുലർത്തുക: ....... 7. സ്ഥിരപ്പെടുത്തുക: ...

19. (8/88/2,3) - 'പരിസ്ഥിതി സംരക്ഷണവും ധാർമികതയും' ചുരുക്കിയെഴുതുക.

20. (12/118-119) - 1. കുടുംബം: ....... 2. ഇടവക: ....... 3. സമൂഹം: .......

## D. നമസ്ക്കാരങ്ങൾ/സത്യദീപം/ ബൈബിൾ/ ലോഗോ (1x4=4)

21. ഈശോയുടെ തിരുഹൃദയത്തോടുള്ള കുടുംബപ്രതിഷ്ഠാ ജപം
    ഈശോയുടെ തിരുഹൃദയമേ, (സമൂഹവും കൂടി) ഈ കുടുംബത്തെയും ഞങ്ങളെ ഓരോരുത്തരെയും/ഞങ്ങൾ അങ്ങേയ്ക്ക് പ്രതിഷ്ഠിക്കുന്നു. ഞങ്ങളുടെ ഈ കുടുംബത്തിൽ/അങ്ങ് രാജാവായി വാഴണമേ. ഞങ്ങളുടെ പ്രവൃത്തികളെല്ലാം/അങ്ങു തന്നെ നിയന്ത്രിക്കണമേ. ഞങ്ങളുടെ ഉദ്യമങ്ങളെല്ലാം/ആശീർവ്വദിക്കുകയും/ഞങ്ങളുടെ സന്തോഷങ്ങൾ വിശുദ്ധീകരിക്കുകയും/സങ്കടങ്ങളിൽ ആശ്വാസം നൽകുകയും ചെയ്യണമേ. ഞങ്ങളിൽ ആരെങ്കിലും/അങ്ങയെ ഉപദ്രവിക്കാനിടയായാൽ/ഞങ്ങളോടു ക്ഷമിക്കണമേ. ഈ കുടുംബത്തിലുള്ളവരെയും/ഇവിടെനിന്ന് അകന്നിരിക്കുന്നവരെയും/സമൃദ്ധമായി അനുഗ്രഹിക്കണമേ. മരിച്ചുപോയ ഞങ്ങളുടെ കുടുംബാംഗങ്ങളെ നിത്യഭാഗ്യത്തിലേക്കു പ്രവേശിപ്പിക്കണമേ. അങ്ങയെ കണ്ടാനന്ദിക്കുവാൻ/സ്വർഗ്ഗത്തിലെത്തുന്നതുവരെ ആത്മീകവും ശാരീരികവുമായ എല്ലാവിപത്തുകളിലും നിന്ന്/ഞങ്ങളെ കാത്തുകൊള്ളണമേ.

    മറിയത്തിന്റെ വിമലഹൃദയവും/മാർ യൗസേപ്പിതാവും/ഞങ്ങളുടെ പ്രതിഷ്ഠയെ/അങ്ങേയ്ക്കു സമർപ്പിക്കുകയും/ജീവിതകാലം മുഴുവനും/ഇതിന്റെ സജീവസ്മരണ/ ഞങ്ങളിൽ നിലനിർത്തുകയും ചെയ്യട്ടെ.

22. ഫ്രാൻസീസ് മാർപാപ്പ (സത്യദീപം )

23. റോമാ 5:4 "കഷ്ടത സഹനശീലവും, സഹനശീലം ആത്മധൈര്യവും,
    ആത്മധൈര്യം പ്രത്യാശയും ഉളവാക്കുന്നു."

24. **തിരമാലയിൽ കാണുന്ന വസ്തുക്കൾ:** തിരമാലകളോട് ചേർന്നു കിടക്കുന്ന അനുബന്ധ വസ്തുക്കൾ മനുഷ്യ ജീവിതത്തെ നിരാശയുടേയും തകർച്ചയുടേയും അടിമത്വത്തിലേക്ക് നയിക്കുന്ന ലഹരിവസ്തുക്കളേയും, അമിതോപയോഗത്താൽ മനുഷ്യനെ ആസക്തിയിലാഴ്ത്തുന്ന ഇന്റർനെറ്റിനേയും സാമൂഹിക മാധ്യമങ്ങളേയും സുചിപ്പിക്കുന്നു.

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക (5x2=10)

25. (10/100-102) - * അധ്വാനത്തിന്റെ ദൈവിക മാനം:......
    * അധ്വാനത്തിന്റെ മാനുഷിക മാനം:......

26. പൊതുചോദ്യം

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

26/01/2025 | മാർക്ക് - 50
02.00pm - 04.00pm | **STD - XII** | സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക** **1X10=10**

| | | |
|---|---|---|
| * വിശുദ്ധീകരിക്കുക | * സ്ഥൈര്യലേപനം | * വിശ്വാസം |
| * വി. കുർബാന | * ദൈവാനുഗ്രഹം | * യുക്തി |
| * ആരാധന | * പഠിപ്പിക്കുക | * വി. തോമസ് അക്വിനാസ് |
| * ഫ്രഞ്ചെല്ലി തൂത്തി | * മാതൃകാപരമായ ജീവിതം | * ബേക്കൺ |
| * വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ | * രണ്ടാം വത്തിക്കാൻ കൗൺസിൽ | * ബെനഡിക്ട് പതിനാറാമൻ മാർപാപ്പ |

1. സാങ്കേതികരംഗത്തുണ്ടായ കണ്ടുപിടുത്തങ്ങളെ രണ്ടാം വത്തിക്കാൻ കൗൺസിലിലെ സാമൂഹ്യ സമ്പർക്കമാധ്യമങ്ങളെ സംബന്ധിക്കുന്ന ഡിക്രി വിശേഷിപ്പിക്കുന്നത് എന്ത്?
2. "സത്യത്തെക്കുറിച്ചുള്ള ധ്യാനത്തിലേയ്ക്കു മനുഷ്യമനസ്സിനു പറന്നുയരാനുള്ള രണ്ടു ചിറകുകൾ പോലെയാണ് വിശ്വാസവും യുക്തിയും" എന്ന് പറഞ്ഞതാര്?
3. ഈശോയ്ക്ക് സാക്ഷ്യം വഹിക്കാനും, അവിടുത്തെ സുവിശേഷം പ്രഘോഷിക്കാനുമുള്ള ശക്തിയാൽ നമ്മെ അനുഗ്രഹിക്കുന്ന കൂദാശ ഏത്?
4. "മാധ്യമങ്ങൾ ഉപയോഗിക്കുന്നവർ പ്രത്യേകിച്ച് യുവജനങ്ങൾ മിതത്വവും ആത്മനിയന്ത്രണവും പാലിക്കണം" എന്ന പ്രബോധനം എവിടെ നിന്ന്?
5. അദൃശ്യനായ ദൈവത്തെ കണ്ടെത്താനും അംഗീകരിക്കാനും ദൈവത്തിന് പൂർണ്ണമായി സമർപ്പിക്കാനും മനുഷ്യനെ പ്രാപ്തനാക്കുന്ന സിദ്ധി ഏത്?
6. സഭയുടെ ഏറ്റവും പരമോന്നതമായ ദൈവാരാധന ഏത്?
7. സമ്പർക്ക മാധ്യമങ്ങൾക്ക് മൂന്ന് ലക്ഷ്യങ്ങളാണ് ഉള്ളത്. അതിൽ രണ്ടാമത്തെ ഏത്?
8. കാര്യകാരണ ബന്ധത്തെ അപഗ്രഥിക്കുകയും വിവേചിക്കുകയും ചെയ്യുന്ന ബൗദ്ധികമായ പ്രക്രിയ ഏത്?
9. ക്രിസ്തീയ സാക്ഷ്യത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് എന്ത്?
10. ഈശ്വരാസ്തിത്വത്തെക്കുറിച്ച് ബോധ്യത്തിലെത്താനുള്ള അഞ്ചു വാദമുഖങ്ങൾ ഉന്നയിക്കുന്നത് ആര്?

**B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക** **1X6=6**

11. സത്യം അറിയാനുള്ള വഴികൾ ഏവ?
12. ക്രൈസ്തവ സാക്ഷ്യത്തിന്റെ പ്രധാനതലങ്ങൾ ഏവ?

13. ആരാണ് യുക്തിവാദികൾ?

14. മാധ്യമങ്ങളുടെ 'വിനോദിപ്പിക്കുക' എന്ന ലക്ഷ്യത്തിന്റെ പ്രത്യേകത എന്ത്?

15. ക്രിസ്തീയ സാക്ഷ്യത്തിനുള്ള ഏതെങ്കിലും നാല് പ്രധാനപ്പെട്ട രീതികൾ എഴുതുക.

16. 2008-ലെ മാധ്യമദിനസന്ദേശത്തിലൂടെ ബെനഡിക്ട് പതിനാറാമൻ മാർപാപ്പ നമ്മെ പഠിപ്പിക്കുന്നത് എന്ത്?

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക 2X3=6

17. മാധ്യമങ്ങളെ മൂല്യാധിഷ്ഠിതമായി എങ്ങനെ സുവിശേഷപ്രഘോഷണത്തിന് ഉപയോഗിക്കാം?

18. ഈശ്വരാസ്തിത്വത്തെക്കുറിച്ചുള്ള ബോധ്യത്തിലെത്താൻ നമ്മെ സഹായിക്കുന്ന അഞ്ചു വാദമുഖങ്ങൾ (പഞ്ചമാർഗങ്ങൾ) ഏവ?

19. സഹനജീവിതം ഒരു ക്രിസ്തീയ സാക്ഷ്യം ആകുന്നത് എങ്ങനെ?

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 2X4=8

20. സീറോ-മലബാർ സഭയുടെ വിശുദ്ധ കുർബാനയിലെ 'ദൈവമേ, അങ്ങയുടെ കാരുണ്യത്തിനൊത്തവിധം എന്നോടു ദയ തോന്നണമേ' എന്ന കാർമ്മികന്റെ പ്രാർത്ഥനയ്ക്ക് സമൂഹം നൽകുന്ന മറുപടി എഴുതുക.

21. തിരുഹൃദയത്തിരുനാൾ ആഘോഷിക്കുന്നത് എന്ന്?

22. ദൈവവചനം എഴുതുക. സങ്കീർത്തനം 96:2 "കർത്താവിനെ ........"

23. 2024-2025 വിശ്വാസപരിശീലന വർഷ ആപ്തവാക്യമായ 'പ്രാർത്ഥനയിൽ വളരാം' എന്നതിനെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'വിരിച്ചുപിടിച്ച കൈകൾ' എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

24. നിങ്ങളുടെ ജീവിതത്തിൽ ക്രിസ്തുവിനും ക്രിസ്തീയ മൂല്യങ്ങൾക്കും എപ്രകാരം സാക്ഷ്യം വഹിക്കാനാകും എന്ന് 'നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുവിൻ' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

25. ദൈവസ്നേഹം പങ്കുവയ്ക്കുകയും പ്രഘോഷിക്കുകയും ചെയ്യുന്ന പ്രേഷിതയാണ് ക്രിസ്തീയ കുടുംബം. ആധുനിക സംസ്കാരം കുടുംബബന്ധങ്ങളെ ശിഥിലമാക്കുന്നുണ്ടോ? ദൈവസ്നേഹം നിറഞ്ഞ നല്ല കുടുംബങ്ങൾ രൂപപ്പെടുത്താൻ സഹായകമായ നിങ്ങളുടെ ആശയങ്ങളും അഭിപ്രായങ്ങളും പങ്കുവയ്ക്കുക.

| | |
|---|---|
| 26. ഇന്റേണൽ അസസ്സ്മെന്റ്: <br> മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 5 മാർക്കിൽ. | 10 |

## എറണാകുളം-അങ്കമാലി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം

# STD XII

### A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക

1) ദൈവാനുഗ്രഹം (പാഠം -10, പേജ് -77, പാര -1)
2) വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ (പാഠം -11, പേജ് -80, പാര -4)
3) സൈഥര്യലേപനം (പാഠം -12, പേജ് -86, പാര -1)
4) രണ്ടാം വത്തിക്കാൻ കൗൺസിൽ (പാഠം -10, പേജ് -74, പാര -2)
5) വിശ്വാസം (പാഠം -11, പേജ് -81, പാര -5)
6) വി. കുർബാന (പാഠം -12, പേജ് -88, പാര -1)
7) പഠിപ്പിക്കുക (പാഠം -10, പേജ് -74, പാര -3)
8) യുക്തി (പാഠം -11, പേജ് -82, പാര -3)
9) മാതൃകാപരമായ ജീവിതം (പാഠം -12, പേജ് -87, പാര -3)
10) വി. തോമസ് അക്വിനാസ് (പാഠം -11, പേജ് -83, പാര -4)

### B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക

11) പാഠം -11, പേജ് -81, പാര -1)
12) പാഠം -12, പേജ് -86, പാര -2)
13) പാഠം -11, പേജ് -82, പാര -4)
14) പാഠം -10, പേജ് -74, പാര -4)
15) പാഠം -12, പേജ് -87, പാര -2)
16) പാഠം -10, പേജ് -77, പാര -1)

### C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക

17) പാഠം -10, പേജ് -77, പാര -2)
18) പാഠം -11, പേജ് -83-84)
19) പാഠം -12, പേജ് -89, പാര -2)

### D. നമസ്ക്കാരങ്ങൾ/ സത്യദീപം/ ബൈബിൾ / ലോഗോ

20) സീറോമലബാർ സഭയുടെ വി. കുർബാന പുസ്തകം
21) പന്തക്കുസ്ത തിരുനാൾ കഴിഞ്ഞ് 12-ാം ദിവസം പരിശുദ്ധ കുർബാനയുടെ തിരുനാളും അത് കഴിഞ്ഞ് 8- ാം ദിവസം തിരുഹൃദയ തിരുനാളും ആഘോഷിക്കുന്നു. (സത്യദീപം, ജനുവരി 01, പേജ് 09)
22) സങ്കീർത്തനം 96:2 (വചനദീപം പേജ് 28, ജനുവരി 12)
23) 'വിരിച്ചുപിടിച്ച കൈകൾ' വചനദീപം, പേജ് 09

### E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക

24) പാഠം 12 'നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുവിൻ '.
25) പൊതുചോദ്യം

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

28/01/2024 | മാർക്ക് - 50
02.00 P.M. - 04.00 P.M. **STD - XII** സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10**

| | | |
|---|---|---|
| * ദൈവജനം | * വിശുദ്ധീകരിക്കുക | * ഇന്റർ മിറിഫിക്ക - 2 |
| * കത്തോലിക്കാ സഭ | * വിശ്വാസം | * പഠിപ്പിക്കുക |
| * വി. ഇഗ്നേഷ്യസ് | * നിത്യസൗഭാഗ്യം | * ഉപഭോഗസംസ്കാരം |
| * മത്തായി 16:15 | * മർക്കോസ് 16:15 | * സാർവത്രികം |
| * മാധ്യമ സംസ്കാരം | * വി. തോമസ് അക്വിനാസ് | * സഭ ആധുനിക ലോകത്തിൽ |

1. ഈ ലോകത്തിൽ ഈശോയെ ഏറ്റുപറയുന്നവർക്ക് വാഗ്ദാനം ചെയ്തിരിക്കുന്നത്
2. ദൈവവചനപൈതൃകം ഏറ്റവും വിശ്വസ്തതയോടെയും ആധികാരികതയോടെയും കാത്തുസൂക്ഷിക്കുന്നത്
3. സമ്പർക്ക മാധ്യമങ്ങളുടെ രണ്ടാമത്തെ ലക്ഷ്യം
4. "നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കുവിൻ." വചനഭാഗം എഴുതുക.
5. മനുഷ്യനിലെ ദൈവികതയെ തൊട്ടുണർത്താനല്ല, മൃഗീയതയെ തുറന്നുവിടാനാണ് ഇന്നത്തെ ........... കൂടുതലും ഇടവരുത്തുന്നത്.
6. സഭയെ കത്തോലിക്കാസഭയെന്ന് ആദ്യം വിളിച്ചതാര്?
7. അദൃശ്യനായ ദൈവത്തെ കണ്ടെത്താനും അംഗീകരിക്കാനും ദൈവത്തിന് പൂർണമായി സമർപ്പിക്കാനും മനുഷ്യനെ പ്രാപ്തനാക്കുന്നത്
8. "നാം കാണുന്ന പ്രപഞ്ചം ചലിക്കുന്ന ഒന്നാണ്. ചലിക്കുന്ന ഈ പ്രപഞ്ചത്തിന് അചഞ്ചലനായ ഒരു ചലനകർത്താവുണ്ടാകണം." ഈ സിദ്ധാന്തം ഉന്നയിച്ചതാര്?
9. 'കാതോലിക' എന്ന പദത്തിന്റെ അർത്ഥമെന്ത്?
10. രണ്ടാം വത്തിക്കാൻ കൗൺസിലിലെ സാമൂഹ്യ സമ്പർക്ക മാധ്യമങ്ങളെ സംബന്ധിക്കുന്ന ഡിക്രി

**B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X6=6**

11. യുക്തി എന്ന ബൗദ്ധിക പ്രക്രിയയുടെ മുഖമുദ്ര എന്ത്?
12. സഭയുടെ സ്വഭാവത്തെയും ദൗത്യത്തെയും കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ ആവർത്തിച്ച് പഠിപ്പിക്കുന്നതെന്ത്?

13. കാർഡിനൽ ന്യൂമാനെ കത്തോലിക്കാ സഭയിൽ അംഗമാകാൻ പ്രേരിപ്പിച്ചതെന്ത്?

14. "മനുഷ്യന്റെ സ്വാഭാവിക ബുദ്ധിക്ക്, സൃഷ്ടവസ്തുക്കളുടെ സഹായത്തോടെ നമ്മുടെ സ്രഷ്ടാവും കർത്താവുമായ ഏക സത്യ ദൈവത്തെ നിസ്സംശയം അറിയാൻ സാധിക്കും." ഇത് ആരുടെ പ്രബോധനമാണ്?

15. ക്രൈസ്തവ സാക്ഷ്യത്തിന് പ്രധാനമായും മൂന്ന് തലങ്ങളാണുള്ളത്. ഏതെല്ലാം?

16. മാധ്യമങ്ങളുടെ സാമൂഹിക പ്രതിബദ്ധത കൂടുതൽ പ്രാധാന്യമർഹിക്കുന്നത് എന്തുകൊണ്ട്?

**C. രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക** **2X3=6**

(പാഠഭാഗങ്ങൾ നിങ്ങൾ മനസ്സിലാക്കിയവിധത്തിൽ ഉത്തരങ്ങൾ എഴുതിയാലും മതിയാകും.)

17. സാമൂഹ്യപരിവർത്തനം ക്രിസ്ത്യാനിയുടെ ദൗത്യമാണ്. വിശദമാക്കുക.

18. മാധ്യമങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതകളിലെ ഏതെങ്കിലും രണ്ടെണ്ണം എഴുതുക.

19. നാം കത്തോലിക്കാസഭയിലെ അംഗങ്ങൾ തന്നെ ആയിരിക്കണം. എന്തുകൊണ്ട്?

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ** **2X4=8**

20. സീറോ-മലബാർ സഭയുടെ വിശുദ്ധ കുർബാനയിലെ (ആശംസാപ്രാർത്ഥന) 'നിങ്ങളുടെ വിചാരങ്ങൾ ഉന്നതത്തിലേക്കുയരട്ടെ' എന്ന കാർമ്മികന്റെ പ്രാർത്ഥനയ്ക്ക് സമൂഹം നൽകുന്ന മറുപടി എഴുതുക.

21. 'ലൗദാത്തോ സി' എന്ന ചാക്രികലേഖനത്തിന്റെ പേര് സ്വീകരിച്ചത് ഏത് രചനയിൽ നിന്നാണ്?

22. വചനം പൂർത്തിയാക്കുക. റോമാ 12:11 "തീക്ഷണതയിൽ.........."

23. 2023-2024 വിശ്വാസപരിശീലനവർഷത്തിന്റെ ആപ്തവാക്യം 'നന്മയിൽ വളരാം' എന്നാണല്ലോ. ഇതിനെ ആസ്പദമാക്കിയുള്ള ഈ വർഷത്തെ ലോഗോയിൽ കാണുന്ന 'വൃത്താകൃതിയിൽ 14 ആൾരൂപങ്ങളും തുറന്നിരിക്കുന്ന ഗ്രന്ഥങ്ങളും' എന്തിനെ സൂചിപ്പിക്കുന്നു?

**E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X2=10**

(ക്രിസ്തീയ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ഉൾപ്പെടുത്തി ചോദ്യങ്ങൾ മനസ്സിലാക്കിയവിധത്തിൽ ഉപന്യാസം തയ്യാറാക്കുക.)

24. 'യുക്തിക്കതീതമായ വിശ്വാസം തന്നെയാണ് ആത്യന്തികമായി മനുഷ്യവർഗ്ഗത്തിന്റെ നിലനില്പിനാധാരം.' പതിനൊന്നാം പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

25. നിങ്ങൾ പങ്കെടുത്ത 'അഡോപ്റ്റ് എ ഫാമിലി' എന്ന പ്രോഗ്രാമിനെക്കുറിച്ചുള്ള നിങ്ങളുടെ കാഴ്ച്ചപ്പാടുകൾ എന്തൊക്കെ? ഈ പ്രോഗ്രാമിന്റെ ആവശ്യകതയും പ്രസക്തിയും നിങ്ങൾക്ക് ബോധ്യപ്പെട്ടിട്ടുണ്ടോ? ഈ പ്രോഗ്രാമിനെക്കുറിച്ചുള്ള നിങ്ങളുടെ ആത്മാർത്ഥമായ വിലയിരുത്തലുകൾ എന്തെല്ലാം?

26. ഇന്റേണൽ അസസ്സ്മെന്റ്: 10
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 5 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**29/01/2023** **മാർക്ക് - 50**

**02.00 P.M. - 04.00 P.M.** **STD - XII** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം പദപ്പെട്ടിയിൽ നിന്നും എടുത്തെഴുതുക** **1X5=5**

1. കാർഡിനൽ ന്യൂമാനെ കത്തോലിക്ക സഭയിലേക്ക് ആകർഷിച്ചത് എന്ത്?
2. സത്യത്തെക്കുറിച്ചുള്ള ധ്യാനത്തിലേയ്ക്കു മനുഷ്യമനസ്സിനു പറന്നുയരാനുള്ള രണ്ടു ചിറകുകൾ ഏതെല്ലാമാണെന്നാണ് വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ എഴുതിയിരിക്കുന്നത്?
3. രണ്ടാം വത്തിക്കാൻ കൗൺസിലിലെ സാമൂഹ്യമാധ്യമങ്ങളെ സംബന്ധിക്കുന്ന ഡിക്രിയിൽ സാങ്കേതികരംഗത്തുണ്ടായ കണ്ടുപിടുത്തങ്ങളെ വിശേഷിപ്പിക്കുന്നത് എങ്ങനെ?
4. ക്രിസ്തുശിഷ്യന്റെ ഏറ്റവും ശ്രേഷ്ഠമായ കടമ എന്താണ്?
5. ക്രിസ്തീയ സാക്ഷ്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട തലം?

**പദപ്പെട്ടി**

മാതൃകാപരമായ ജീവിതം
സുവിശേഷ പ്രഘോഷണം
ദൈവാനുഗ്രഹങ്ങൾ
സഹോദര സ്നേഹം
ദൈവാലയങ്ങൾ

**പദപ്പെട്ടി**

വി. കുർബാനയും കുമ്പസാരവും
വിശ്വാസവും യുക്തിയും
സത്യവും നീതിയും
കൗദാശികജീവിതം
ദൈവാരാധന

**B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക** **1X5=5**

6. ഈശ്വരാസ്തിത്വത്തെക്കുറിച്ചുള്ള ബോധ്യത്തിലെത്താനുള്ള പഞ്ചമാർഗങ്ങളിൽ ഏതെങ്കിലും ഒന്ന് കുറിയ്ക്കുക.
7. പന്ത്രണ്ട് വർഷത്തെ വിശ്വാസപരിശീലനം പൂർത്തിയാക്കുന്ന നിങ്ങൾക്ക് ഈശോ നൽകുന്ന സന്ദേശം എന്ത്?
8. ആത്യന്തികമായി മനുഷ്യവർഗ്ഗത്തിന്റെ നിലനിൽപിന് ആധാരം എന്താണ്?
9. യുക്തിയും വിശ്വാസവും പരസ്പര പൂരകങ്ങളാണെന്ന് സൂചിപ്പിക്കുന്ന ശാസ്ത്രജ്ഞനായ ബേക്കണിന്റെ വാക്കുകൾ എഴുതുക.
10. മനുഷ്യന്റെ സത്യാന്വേഷണം അവനെ എന്തിലേക്ക് നയിക്കുന്നു?

## C. രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക 2X10=20

(പാഠഭാഗങ്ങൾ നിങ്ങൾ മനസ്സിലാക്കിയ വിധത്തിൽ ഉത്തരങ്ങൾ എഴുതിയാലും മതിയാകും.)

11. കത്തോലിക്ക സഭാംഗങ്ങൾക്ക് മറ്റ് മതവിഭാഗങ്ങളോട് ഉണ്ടായിരിക്കേണ്ട സമീപനത്തക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതെന്ത്?
12. യേശുക്രിസ്തുവിനെ ഇതര മതസ്ഥാപകരിൽനിന്ന് വ്യത്യസ്തനാക്കുന്നതെന്ത്?
13. 'എക്യുമെനിസം' ലക്ഷ്യം വയ്ക്കുന്നത് എന്താണ്?
14. 'സഭ ഏകമാണ്' എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
15. മൂലപാപങ്ങൾക്കെതിരായ പുണ്യങ്ങൾ എഴുതുക.
16. കത്തോലിക്ക സഭയെ മറ്റ് മതവിശ്വാസങ്ങളിൽനിന്നും പ്രത്യേകിച്ച് ഇതര ക്രൈസ്തവസഭകളിൽനിന്നും വ്യത്യസ്തമാക്കുന്ന ഘടകങ്ങൾ എഴുതുക.
17. കത്തോലിക്ക സഭയിൽ ആകൃഷ്ടനായി വിശ്വാസം സ്വീകരിച്ച ഒരു വ്യക്തിയെ പരിചയപ്പെടുത്തുക. ആ വ്യക്തി എന്തുകൊണ്ട് ആകൃഷ്ടനായി എന്ന് വിവരിക്കുക.
18. ഈശോയ്ക്ക് സാക്ഷികളാകാൻ കൗദാശികജീവിതം എങ്ങനെ സഹായിക്കുന്നു? വിവരിക്കുക.
19. സീറോമലബാർ സഭയുടെ ഇപ്പോഴത്തെ ഔദ്യോഗിക നാമം എന്ത്?
20. അടയാളങ്ങൾ എഴുതപ്പെട്ടിരിക്കുന്നത് എന്തിനുവേണ്ടിയാണെന്നാണ് യോഹന്നാന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്?

## D. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

21. 'നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുവിൻ' എന്ന 12-ാം പാഠഭാഗത്തെ ആസ്പദമാക്കി കത്തോലിക്ക സഭയിൽ അംഗമായിരിക്കുന്ന നിങ്ങളെ പ്രചോദിപ്പിച്ചതും അഭിമാനം കൊള്ളിക്കുന്നതുമായ കാര്യങ്ങൾ ഏതൊക്കെ? നിങ്ങളുടെ വിലയിരുത്തലുകളും അഭിപ്രായങ്ങളും അനുഭവങ്ങളും ഉൾപ്പെടുത്തി വിവരിക്കുക.
22. 'ഒപ്പം നടക്കാം' എന്ന വിശ്വാസപരിശീലനം 2022-2023 ആപ്തവാക്യത്തെ നിങ്ങൾ ഏതെല്ലാം വിധത്തിലാണ് മനസ്സിലാക്കിയിട്ടുള്ളത്? പന്ത്രണ്ടാം ക്ലാസ് വിദ്യാർത്ഥി/വിദ്യാർത്ഥിനി എന്ന നിലയിൽ ഈ ആപ്തവാക്യം നിങ്ങളുടെ വിശ്വാസജീവിതത്തെ എങ്ങനെയെല്ലാം സ്വാധീനിച്ചു? സഭയിലും സമൂഹത്തിലും ഏതെല്ലാം വിധത്തിൽ 'ഒപ്പം നടക്കാം' എന്ന ജീവിതശൈലി നിങ്ങൾക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വിവരിക്കുക.

| | |
|---|---|
| 23. ഇന്റേണൽ അസസ്സ്മെന്റ്: | 10 |
| മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 5 മാർക്കിൽ. | |

# രണ്ടാം സെമസ്റ്റർ പരീക്ഷ (29/01/2023)

## Std XII Answer Key

**A. ഏറ്റവും ശരിയായ ഉത്തരം പദപ്പെട്ടിയിൽനിന്നും എടുത്തെഴുതുക** (1X5=5)

1. വി. കുർബാനയും കുമ്പസാരവും (Lesson 8, Page 58, Para 1)
2. വിശ്വാസവും യുക്തിയും (Lesson 11, Page 80, Para 4)
3. ദൈവാനുഗ്രഹങ്ങൾ (Lesson 10, Page 77, Para 1)
4. ദൈവാരാധന (Lesson 12, Page 88, Para 1)
5. മാതൃകാപരമായ ജീവിതം (Lesson 12, Page 87, Para 3)

**B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക** (1X5=5)

6. നാം കാണുന്ന പ്രപഞ്ചം ചലിക്കുന്ന ഒന്നാണ്. ചലിക്കുന്ന ഈ പ്രപഞ്ചത്തിന് അചഞ്ചലനായ ഒരു ചലനകർത്താവുണ്ടാകണം. ആ ചലനകർത്താവാണ് ദൈവം. (2, 3, 4, 5 ഇതിൽ ഏതെങ്കിലും ഒരെണ്ണം) (Lesson 11, Page 83, Para 4)
7. "നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കുവിൻ." (Lesson 12, Page 89, Para 3)
8. യുക്തിക്കതീതമായ വിശ്വാസം (Lesson 11, Page 84, Para 2)
9. അല്പശാസ്ത്രം ദൈവത്തിൽനിന്നു മനുഷ്യനെ അകറ്റുന്നു. ബഹുലമായ ശാസ്ത്രം അവനെ ദൈവത്തിലേക്ക് പ്രത്യാനയിക്കുന്നു. (Lesson 11, Page 80, Para 2)
10. ദൈവത്തിലേക്ക് (Lesson 9, Page 66, Para 2)

**C. രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക** (Main points) (2X10=20)

11. Lesson 9, Page 71, Para 1-2

- മറ്റ് മതങ്ങളിൽ കാണുന്ന സത്യവും വിശുദ്ധവുമായ ഒന്നും കത്തോലിക്കാ തിരുസഭ തിരസ്ക്കരിക്കുന്നില്ല
- മറ്റ് മതങ്ങളിലെ പ്രവർത്തനരീതികളും ജീവിതമുറകളും പ്രമാണങ്ങളും സിദ്ധാന്തങ്ങളും കത്തോലിക്കാസഭയുടെതിൽനിന്നും വ്യത്യാസമുണ്ട്. എങ്കിലും അവയെല്ലാം ആത്മാർത്ഥമായ ബഹുമാനത്തോടെയാണ് നിരീക്ഷിക്കുന്നത്

Additional points

- ഇതര മതാനുയായികളുമായി വിവേകത്തോടും സ്നേഹത്തോടുംകൂടി പെരുമാറണം
- സംഭാഷണത്തിലും സഹകരണത്തിലും ഏർപ്പെടണം
- മറ്റുമതങ്ങളിലുള്ള ആദ്ധ്യാത്മികവും ധാർമ്മികവുമായ നന്മകളും സാമൂഹിക സാംസ്കാരിക മൂല്യങ്ങളും പരിരക്ഷിക്കണം

12. Lesson 9, Page 70, Para 1 * (1 തിമോ. 3 :16)

- ഈശോ ദൈവപുത്രനാണ്
- എല്ലാവരുടെയും രക്ഷയ്ക്കുവേണ്ടി പീഡ സഹിച്ചു, മരിച്ചു, മൂന്നാംനാൾ ഉത്ഥാനം ചെയ്തു

Additional point

- ശത്രുക്കളെ സ്നേഹിക്കാനും അയൽക്കാരെ തന്നെപ്പോലെ സ്നേഹിക്കാനും ക്രിസ്തു പഠിപ്പിച്ചു

13. Lesson 8, Page 63, Para 1

- ഭിന്നിച്ചു നിൽക്കുന്ന സഭാസമൂഹങ്ങളുമായി ഐക്യം വളർത്തുക
- ധാരണ രൂപീകരിക്കുക
- ഔദ്യോഗികതലത്തിൽ ഐക്യചർച്ചകൾ നടത്തി കൂട്ടായ്മയിൽ എത്തിച്ചേരുക

14. Lesson 8, Page 59, Para 1

- ഒരു കർത്താവും ഒരു വിശ്വാസവും ഒരു ജ്ഞാനസ്നാനവുമെയുള്ളൂ (എഫേ 4:5)
- ദൈവം ഏകനാണ് * ദൈവത്തിന്റെ പുത്രൻ (ഈശോ) സ്ഥാപിച്ച സഭ ഒന്നേയുള്ളൂ
- അത് മിശിഹായുടെ മൗതീകശരീരമാണ് * ഈശോ മൂലക്കല്ല്
- അപ്പസ്തോലന്മാരുടെ അടിസ്ഥാനം * ഈശോ സ്ഥാപിച്ച സഭയാണ് കത്തോലിക്കാ സഭ
- സഭയുടെ ഏകത്വത്തിന്റെ ശക്തമായ അടയാളമാണ് മാർപാപ്പമാർ

15. നമസ്കാരം 22

- എളിമ, ഔദാര്യം, അടക്കം, ക്ഷമ, മിതഭോജനം, ഉപവി, ഉത്സാഹം

16. Lesson 8, Page 63, Para 2-4

- പത്രോസിന്റെ പിൻഗാമികളായ മാർപാപ്പാമാരാൽ നയിക്കപ്പെടുന്നു
- ശ്ലീഹന്മാരുടെ പിൻഗാമികളായ മെത്രാന്മാരാൽ നയിക്കപ്പെടുന്നു
- ഈശോയുടെ ശുശ്രൂഷാപൗരോഹിത്യദൗത്യം
- ദൈവികജീവന്റെ നീർച്ചാലുകളായ കൂദാശകൾ അനുഷ്ഠിക്കപ്പെടുന്നത്
- ഈശോ വാഗ്ദാനം ചെയ്ത രക്ഷ അതിന്റെ പൂർണ്ണതയിൽ കരഗതമാകുന്നത് കത്തോലിക്കാ സഭയിലൂടെയാണ്
- സഭ ഈശോയുടെ മൗതീകശരീരവും ഈശോ സഭയുടെ ശിരസുമാണ്
- യഥാർത്ഥ സഭയിലെ അംഗമായിരിക്കേണ്ടത് ഈശോയിലൂടെ കൈവന്ന രക്ഷയുടെ പൂർണ്ണമായ അനുഭവത്തിന് അനിവാര്യമാണ്

17. Lesson 8, Page 58, Para1

- കാർഡിനൽ ന്യൂമാൻ
- വി. കുർബാനയും കുമ്പസാരവും
- കത്തോലിക്കാസഭയിൽ വെളിപാടിന്റെയും വിശ്വാസത്തിന്റെയും പൂർണ്ണതയുണ്ടെന്ന തിരിച്ചറിവ്

18. Lesson 12, Page 88, Para1

- വി. കുർബാനയിലൂടെയും മറ്റ് കൂദാശകളിലൂടെയും ദൈവത്തെ ആരാധിക്കുന്നു
- ദൈവീകശക്തി പ്രാപിക്കുന്നു
- ദൈവികജീവൻ ലഭിക്കുന്നു

Additional points

- വി. കുർബാനയിലുള്ള സജീവമായ പങ്കാളിത്തം * കൂദാശകളുടെ സ്വീകരണം * ഞായറാഴ്ച ആചരണം * ഇടവകയുടെ അജപാലനപ്രവർത്തനങ്ങളിലുള്ള സജീവപങ്കാളിത്തം * ഇത്തരത്തിലുള്ള ജീവിതം വഴി മറ്റുള്ളവരുടെ വിശ്വാസജീവിതത്തിന് പ്രചോദനമേകാൻ കഴിയും.

19. മേജർ ആർക്കി എപ്പിസ്ക്കോപ്പൽ ചർച്ച് ഓഫ് എറണാകുളം-അങ്കമാലി (സത്യദീപം, 2022, ഡിസംബർ 21, പേജ് 3)

20. യേശു ദൈവപുത്രനായ ക്രിസ്തുവാണെന്ന് വിശ്വസിക്കുന്നതിനും അവന്റെ നാമത്തിൽ ജീവനുണ്ടാകുന്നതിനുംവേണ്ടി (ബൈബിൾ, യോഹ 20:31)

## D. **ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക.** (Main points) (5X2=10)

21. Lesson 12

- മാമ്മോദീസാ വഴി ദൈവമക്കളായും സഭയുടെ അംഗങ്ങളുമായി തീർന്നവരാണ് ക്രിസ്ത്യാനികൾ
- ഉദാ : കൗദാശികജീവിതം, ജീവകാരുണ്യപ്രവൃത്തികൾ, സാമൂഹ്യപ്രവൃത്തികൾ, സഹനജീവിതം, രക്തസാക്ഷിത്വം

22. പൊതുചോദ്യം

- വചനദീപം - പേജ് 4-13 ,,ഒപ്പം നടക്കാം'' ആശയങ്ങൾ കാണാം

*******